**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4695** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് അഞ്ചുവർഷത്തേക്ക് തുടർചികിത്സ നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുതരരോഗങ്ങൾ ബാധിച്ച മത്സ്യത്തൊഴിലാളികൾക്ക് അഞ്ചുവർഷത്തേക്ക് തുടർചികിത്സ നൽകുന്ന പദ്ധതിയിൽ ഏതൊക്കെ രോഗബാധിതരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഓപ്പൺ ഹാർട്ട് സർജറി ചെയ്തവർ, ഡയാലിസിസ്, കരൾരോഗ ബാധി തർ, ക്യാൻസർ ബാധിതർ, തളർ വാതം പിടിപെട്ട് കിടപ്പിലായവർ, അംഗപരിമിതരായ/ഓട്ടിസം ബാധിച്ച മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾ, ഗർഭാശയ സംബന്ധമായ അസുഖം ബാധിച്ചവർ എന്നിവരെ യാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | രോഗബാധിതരോടൊപ്പം മത്സ്യബന്ധനത്തിനിടയിൽ അപകടങ്ങൾ സംഭവിച്ചവർക്കുംകൂടി പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ അനുവദിക്കുമോ; വ്യക്തമാക്കുമോ; | (ബി) | മത്സ്യബന്ധനത്തിനിടയിൽ അപകടം സംഭവിക്കുന്നവർക്ക് ആനുകൂല്യം നൽ കുന്നതിന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യബന്ധനത്തിനിടയിലും അല്ലാതെയും അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് 10 ലക്ഷം രൂപയും, ഭാഗികമായ അവശതയ്ക്ക് 5 ലക്ഷം രൂപയും നൽകി വരുന്നു. കൂടാതെ അപകടം മൂലമുള്ള കിടത്തി ചികിത്സയ്ക്ക് പരമാവധി 25,000/- രൂപയും അനുവദിച്ചു വരുന്നു. |
| (സി) | ഒരു ലക്ഷം രൂപ വാർഷികവരുമാനം ഉള്ളവർക്കുവരെ ആനുകൂല്യം കിട്ടുന്നരീതിയിൽ പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുമോ; വ്യക്തമാക്കാമോ? | (സി) | വാർഷിക വരുമാന പരിധി 50,000 രൂപ വരെയുള്ളവരെയാണ് നിലവിൽ പരിഗണിക്കുന്നത്. വിപുലപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ